# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1924 07.03.2017 ൽ മറുപടി നൽകേണ്ടത്

## പോലീസ് മെഡലിന് തിരഞ്ഞെടുക്കപ്പെടുന്നതിന്റെ മാനദണ്ഡങ്ങൾ

ചോദ്യം
**ശ്രീ.ഹൈബി ഈഡൻ**

മറുപടി
**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | രാഷ്ട്രപതിയുടെ പോലീസ് മെഡലിന് തിരഞ്ഞെടുക്കപ്പെടുന്നതിന്റെ മാന ദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | കേന്ദ്ര ആഭ്യന്തര മന്ത്രാലയം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് രാഷ്ട്രപതിയുടെ പോലീസ് മെഡലിന് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത്. പ്രസ്തുത മാനദണ്ഡം അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു. |
| ബി) | 2016-17 കാലഘട്ടത്തിൽ എത്ര പേരുടെ പേര് പോലീസ് മെഡൽ പ്രഖ്യാപിക്കുന്നതിനു വേണ്ടി നിർദ്ദേശി ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | 51 (അൻപത്തിയൊന്ന്) |
| സി) | ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ള പേരുകൾ ഇ-മെയിൽ വഴിയാണോ അതോ കത്ത് മുഖേനയാണോ അയച്ചി ട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | സി) | ഇത്തരം നിർദ്ദേശങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വെബ് പോർട്ടലിൽ കേരള സർക്കാരിന് അനുവദിച്ച ലോഗിൻ മുഖേന നേരിട്ടും കത്ത് മുഖേനയുമാണ് അയച്ചിട്ടുള്ളത്. |
| ഡി) | 2016-17 കാലയളവിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; ആർക്കും ലഭിച്ചിട്ടി ല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | ഡി) | 2016-17 കാലയളവിൽ കേരള സർക്കാർ ശിപാർശ ചെയ്ത 11 പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചിട്ടുണ്ട്. |
| ഇ) | ഈ ഉദ്യോഗസ്ഥരെ നിർദ്ദേശിക്കു ന്നതിനു വേണ്ടിയുള്ള സംസ്ഥാന സർ ക്കാർതല കമ്മിറ്റിയിൽ ആരൊക്കെ യാണ് ഉള്ളതെന്നും പ്രസ്തുത കമ്മിറ്റി | ഇ) | രാഷ്ട്രപതിയുടെ പോലീസ് മെഡലിന് ഉദ്യോഗസ്ഥരെ നിർദ്ദേശിക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാന സർക്കാർതല കമ്മിറ്റിയിൽ (1) ചീഫ് സെക്രട്ടറി (2) |

| | | | |
|---|---|---|---|
| | 2016-17 ൽ എത്ര പ്രാവശ്യം കൂടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | | പ്രിൻസിപ്പൽ സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും വകുപ്പ്) (3) സംസ്ഥാന പോലീസ് മേധാവി (4) സംസ്ഥാന വിജിലൻസ് മേധാവി എന്നീ അംഗങ്ങളാണ് ഉള്ളത്. പ്രസ്തുത കമ്മിറ്റി 2016-17 കാലയളവിൽ മൂന്ന് പ്രാവശ്യം കൂടിയിട്ടുണ്ട്. |
| എഫ്) | രാഷ്ട്രപതിയുടെ പോലീസ് മെഡൽ ആർക്കും ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; സർക്കാർ യഥാസമയം കത്ത് മുഖേന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അറിയിക്കാത്തതുകൊണ്ടാണ് രാഷ്ട്രപതിയുടെ പോലീസ് മെഡൽ ആർക്കും ലഭിക്കാത്തത് എന്ന ആരോപണം ശരിയാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | എഫ്) | രാഷ്ട്രപതിയുടെ പോലീസ് മെഡൽ പ്രഖ്യാപിക്കുന്നത് അന്തിമമായി കേന്ദ്ര സർക്കാരാണ്. കേരള സർക്കാരിന്റെ ശിപാർശ യഥാസമയം സമർപ്പിച്ചിട്ടുണ്ട്. അതിനാൽ ആരോപണം ശരിയല്ല. |
| ജി) | പോലീസ് മെഡലിന് അർഹതപ്പെട്ട ഉദ്യോഗസ്ഥരിൽ പലരും റിട്ടയർ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് ലഭിക്കേണ്ട അർഹമായ ആനുകൂല്യം നിഷേധിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുഎന്ന് വെളിപ്പെടുത്തുമോ? | ജി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. രാഷ്ട്രപതിയുടെ പോലീസ് മെഡലിന്റെ അർഹത നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്